# 76. ജോസഫ് മുണ്ടശ്ശേരി

പ്രൊഫസർ മുണ്ടശ്ശേരിയുടെ നിര്യാണംമൂലം, സമകാല ജീവിതത്തിൽ അഗാധവും നിർണായകവുമായ സ്വാധീനം ചെലുത്തിയ ഒരു അദ്ധ്യാപകനും വാഗ്മിയും സാഹിത്യകാരനും രാഷ്ട്രീയപ്രവർത്തകനും ഭരണമേധാവിയും കേരളത്തിനു നഷ്ടപ്പെട്ടിരിക്കുന്നു.

തൃശ്ശൂർ സെൻറ് തോമസ് കോളേജിൽ ഫിസിക്സ് ഡെമോൺസ്ട്രേറ്ററായി ആരംഭിച്ച മുണ്ടശ്ശേരിയുടെ അദ്ധ്യാപകജീവിതം അതേ കോളേജിലെ ഭാഷാവിഭാഗത്തിൻെറ തലവനെന്ന പദവിയിൽനിന്ന് അസുഖകരങ്ങളായ പരിതഃസ്ഥിതികളിലുള്ള നിർഗമത്തോടെ അവസാനിച്ചു. ഫിസിക്സ് വിഭാഗത്തിൽ ഔദ്യോഗികമായി ഉയരുന്നതിനു മാർഗമില്ലാതിരുന്നതിനാലും, മലയാള സാഹിത്യത്തിൽ സാധാരണയിൽ കവിഞ്ഞ പ്രതിപത്തിയുണ്ടായിരുന്നതിനാലുമാണ് ഇടയ്ക്കുവെച്ച് അദ്ദേഹം തൻെറ അദ്ധ്യാപനവിഷയം മാററിയെടുത്തത്. അതാകട്ടെ, മലയാള സാഹിത്യത്തിൻെറ മഹാഭാഗ്യമായി പരിണമിക്കുകയും ചെയ്തു. അദ്ധ്യാപനത്തിൽനിന്ന് വിരമിക്കുകയും മററു് അനേകം കർമമണ്ഡലങ്ങളിൽ പ്രശസ്തിപൂർവം വ്യാപരിക്കുകയും ചെയ്തശേഷവും മുണ്ടശ്ശേരി മരണപര്യന്തം തൻെറ അനേകമനേകം ശിഷ്യർക്കു മാത്രമല്ല, കേരളത്തിലെ പൊതുജനങ്ങൾക്കാകമാനംതന്നെ 'മാസ്റ്റർ' ആയിരുന്നു എന്നതു്, അദ്ധ്യാപനരംഗത്തിൽ അദ്ദേഹം കൈവരിച്ച അനുപമമായ വിജയത്തിനു സാക്ഷ്യം വഹിക്കുന്നു.

അദ്ധ്യാപകനായിരിക്കേയും, പിന്നീടും, അദ്ധ്യാപകവർഗത്തിൻെറ സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവുമായ ഉത്കർഷത്തിൽ അദ്ദേഹത്തിനു് അത്യധികം താല്പര്യമുണ്ടായിരുന്നു. കൊച്ചി അദ്ധ്യാപക സംഘടനയുടെ—പിന്നീട് ഇതു് തിരു-കൊച്ചി അദ്ധ്യാപക സംഘടനയായിത്തീർന്നുവെങ്കിലും മാറിയ പരിതഃസ്ഥിതികളിൽ ഇതിൻെറ പ്രവർത്തനം നിലച്ചുപോവുകയാണുണ്ടായതു്—അദ്ധ്യക്ഷനെന്ന നിലയിൽ അദ്ദേഹം ചെയ്തുവന്ന പ്രവർത്തനങ്ങളുടെ യുക്തിസംഗതമായ പരിണാമമത്രേ, പിന്നീടു വളരെയധികം കലാപങ്ങൾക്കു കളമൊരുക്കിയ കേരള വിദ്യാഭ്യാസ നിയമം. കേരളത്തിൽ ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ തുടങ്ങിവെച്ച അദ്ധ്യാപകരുടെ സാമ്പത്തിക വിമോചനത്തിനു് രാഷ്ട്രീയമായ പുതിയ മാനങ്ങൾ കൈവരുത്തിയതു് ഈ നിയമമാകുന്നു.

അദ്ധ്യാപകനെന്ന നിലയിൽ മുണ്ടശ്ശേരി ആർജിച്ച പ്രാഗല്ഭ്യത്തിൻെറ മുഖ്യ കാരണം അദ്ദേഹത്തിൻെറ നിസ്തുല്യമായ വാഗ്മിതയായിരുന്നു. മുണ്ടശ്ശേരിയുടെ ഏതെങ്കിലും പ്രസംഗത്തിൻെറ മുഴു റിപ്പോർട്ട് പിന്നീടു വായിക്കുമ്പോൾ ഉണ്ടായിരുന്നതിൽനിന്ന് വളരെയധികം വ്യത്യസ്തമായിരുന്നു ആ പ്രസംഗം, അദ്ദേഹത്തിൽനിന്നു നേരിട്ട് കേൾക്കുമ്പോൾ ഉണ്ടായിരുന്ന അനുഭവം. തല ഉയർത്തിപ്പിടിച്ചുള്ള ആ നിൽപ്പും, കണ്ണടച്ചില്ലുകൾക്കിടയിലൂടെ മിന്നൽപ്പിണർപോലെ ചിതറുന്ന ആ നോട്ടങ്ങളും, കൈയും കലാശവും, ഉയർച്ചത്താഴ്ചകളുള്ള ഘനഗംഭീരമായ ആ സ്വരവും, സുചിന്തിതമായ ആശയസംവിധാനവും, എല്ലാംകൂടി, അദ്ദേഹത്തിൻെറ പ്രസംഗം അദ്വിതീയമായ ഒരു വൈകാരികാനുഭൂതി ശ്രോതാക്കൾക്കു നൽകിയിരുന്നു. മാസ്റ്ററുടെ കൃതികൾ വായിച്ചു മനസ്സിലാക്കാൻ അവസരമോ കഴിവോ താല്പര്യമോ ഇല്ലാതിരുന്ന ലക്ഷോപലക്ഷം ജനങ്ങളുടെ മനസ്സുകളിൽ ആ പ്രസംഗങ്ങളുടെ ധോരണി ഇപ്പോഴും മുഴങ്ങിക്കൊണ്ടിരി

ക്കുന്നുണ്ടാവണം. നിശ്ചിതമായ ഒരു നിഗമനവും, ആ നിഗമനത്തിലേക്കു ബലാൽക്കാരമായും, എങ്കിലും ആനന്ദിപ്പിച്ചുകൊണ്ടും, ശ്രോതാക്കളെ എത്തിക്കുന്നതിനുള്ള ഫലപ്രദമായ തന്ത്രവും നിമിത്തം, മാസ്റ്ററുടെ പ്രസംഗം ശ്രദ്ധിച്ച ഒരാൾക്ക് അദ്ദേഹം ഉദ്ദേശിക്കുന്നതെന്താണെന്ന കാര്യത്തിൽ ഒരു സംശയവും അവശേഷിക്കാറില്ല. മാത്രമല്ല, അദ്ദേഹത്തിന്റെ നിഗമനം ശരിയായിക്കൊള്ളണമെന്നില്ലെന്നും, വിഷയത്തിനു തികച്ചും വ്യത്യസ്തമായ മറെറാരു മുഖംകൂടി ഉണ്ടാവാമെന്നും ചിന്തിക്കുവാനുള്ള കഴിവുകൂടി അയാൾക്കു തല്ക്കാലത്തേക്കെങ്കിലും നഷ്ടപ്പെടുകയും ചെയ്യുമായിരുന്നു. വലത്തും ഇടത്തുമുള്ള തന്റെ എതിരാളികളെ തകർത്തു തരിപ്പണമാക്കാൻ ആ പ്രസംഗചതുരൻ ഉപയോഗിച്ചിരുന്ന അടവുകൾ ആരിലും ആഹ്ലാദാഭിനന്ദനങ്ങൾ ഉണർത്തുവാൻപോരുന്നവയായിരുന്നു.

കവിതയും ശാസ്ത്രലേഖനങ്ങളുമായി സാഹിത്യരംഗത്തിലേക്കു പ്രവേശിച്ച മുണ്ടശ്ശേരി, ചെറുകഥകളും നോവലുകളും യാത്രാവിവരണങ്ങളും ആത്മകഥയും മററും രചിച്ചുവെങ്കിലും, സാഹിത്യനിരൂപകനെന്ന നിലയിലാണ് അനശ്വരമായ യശസ്സ് ആർജിച്ചതു്. പ്രസംഗങ്ങളുടെ എല്ലാ സവിശേഷതകളും അദ്ദേഹത്തിന്റെ പ്രബന്ധങ്ങൾക്കും ഉണ്ടായിരുന്നു. താൻ ഇരുന്നോ കിടന്നോ പ്രസംഗിക്കുക, അതു മറെറാരാൾ (മിക്കപ്പോഴും ശ്രീ എം. പി ഭട്ടതിരിപ്പാട്) പകർത്തിയെടുക്കുക—ഇതായിരുന്നു അദ്ദേഹത്തിന്റെ പ്രബന്ധരചനാരീതി. സ്വയം ഒരു സോഷ്യലിസ്റ്റ് ആയിരുന്നിട്ടും, സമൂഹത്തിന്റെ അതാതുകാലത്തെ മൂല്യമണ്ഡലത്തിന്റെ പശ്ചാത്തലത്തിനെതിരെ വെച്ചു വേണം സാഹിത്യത്തെ വിലയിരുത്താനെന്നു സൈദ്ധാന്തികമായി അംഗീകരിച്ചിട്ടും, സാഹിത്യ വിമർശനത്തിൽ അദ്ദേഹം മാനദണ്ഡങ്ങളായി സ്വീകരിച്ചതു് പൗരസ്ത്യരായ ധ്വനികാരാദികളുടെ സിദ്ധാന്തങ്ങൾ, പ്രത്യേകിച്ച് ഔചിത്യസിദ്ധാന്തം ആയിരുന്നു. 'മംഗളോദയ'ത്തിന്റെ പത്രാധിപരായിരിക്കെ ആ മാസികയിൽ എഴുതിയ കുറിപ്പുകൾ സമാഹരിച്ചു പ്രസിദ്ധപ്പെടുത്തിയ 'കാവ്യപീഠിക'യിൽ സ്വന്തം സാഹിത്യസിദ്ധാന്തങ്ങൾ അദ്ദേഹം സമാകലനം ചെയ്തിട്ടുണ്ട്. ഈ സിദ്ധാന്തങ്ങൾ ഉപയോഗപ്പെടുത്തി ഉള്ളൂർ, വള്ളത്തോൾ, കുമാരനാശാൻ എന്നീ മൂന്നു മഹാകവികളുടെ കൃതികളുടെ മൂല്യം നിർദ്ധാരണം ചെയ്യുന്നതിനു് അദ്ദേഹം ചെയ്ത യത്നങ്ങളാണു് മലയാള നിരൂപണരംഗത്തിലെ അതികായനെന്ന വിശേഷണത്തിനു് മുണ്ടശ്ശേരിയെ അർഹനാക്കിയതു്. ആശാന്റെ കൃതികളുടെ സർവാതിശായിയായ ഔത്കൃഷ്ട്യം സ്ഥാപിക്കുന്നേടത്തു് മുണ്ടശ്ശേരിയിലെ സാഹിത്യവിമർശകൻ അദ്ദേഹത്തിന്റെ സമഗ്രസിദ്ധികളോടുംകൂടെ വിലസുന്നതു് നാം കാണുന്നു. ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ കൃതികളോടു് ആദ്യം പ്രദർശിപ്പിച്ച പാരുഷ്യം, കാലാന്തരത്തിൽ മുണ്ടശ്ശേരി കുറെയേറെ മയപ്പെടുത്തുകയുണ്ടായി. ചങ്ങമ്പുഴയെ സംബന്ധിച്ചിടത്തോളം തന്റെ പ്രഥമാഭിപ്രായം അദ്ദേഹം തികച്ചും തിരുത്തിയെഴുതുകതന്നെ ചെയ്തു. എന്നാൽ, ശ്രീ ശങ്കരക്കുറുപ്പിന്റെ കവിത എത്തു കാലത്തും മുണ്ടശ്ശേരിയുടെ 'അന്ധബിന്ദു'വായിത്തന്നെ വർത്തിച്ചു. ആ കവിതയോടു് ആദ്യമാദ്യം വാചാലമായ വൈരസ്യവും പിന്നീടു പ്രകടമായ ഔദാസീന്യവും അദ്ദേഹം പുലർത്തിവന്നു. 'പൗരസ്ത്യദേശത്തിന്റെ അടിമ മനോഭാവം' എന്നു വിളിക്കപ്പെടുന്ന ഒരുതരം പ്രത്യേക മനഃസ്ഥിതിയുടെ വാചികാവിഷ്കരണമായ സ്തുതിപാരമ്പര്യം കേരളവർമ വലിയകോയിത്തമ്പുരാന്റെ സ്മരണയ്ക്കുമേൽ കൂമ്പാരം കൂട്ടിവെച്ച ചപ്പുചവറുകൾ അടിച്ചുനീക്കുകവഴി ആ മഹാപുരുഷന്റെ യഥാർത്ഥ സംഭാവനകൾ കണ്ടറിയുവാൻ സമകാലികർക്കു കഴിവു നൽകിയതും മുണ്ടശ്ശേരിയുടെ വലിയൊരു സംഭാവനയായി കണക്കാക്കാമെന്നു തോന്നുന്നു. പുരോഗമന സാഹിത്യവാദത്തിൽ എം. പി. പോളി

ന്റെ നേതൃത്വം സ്വീകരിക്കുകയാണ് മുണ്ടശ്ശേരി ചെയ്തത്. അദ്ദേഹത്തിന്റെ 'രൂപഭദ്രതാ' വാദമാകട്ടെ, മുമ്പു പറഞ്ഞ ഔചിത്യസിദ്ധാന്തത്തിന്റെ ഒരു പുനരവതാരണം മാത്രമായിരുന്നു. പ്രസംഗങ്ങളിലെന്നപോലെ വിമർശന ലേഖനങ്ങളിലും മുണ്ടശ്ശേരി 'എന്തു പറഞ്ഞു' എന്നതിലേറെയില്ലെങ്കിൽ അത്രതന്നെയെങ്കിലും പ്രധാനമായിരുന്നു അദ്ദേഹം 'എങ്ങനെ പറഞ്ഞു' എന്നതു്. ശൈലീവല്ലഭനെന്ന് അദ്ദേഹത്തെ കൊണ്ടാടിയ സഹൃദയർ യഥാർത്ഥത്തിൽ ചെയ്തതു് മുണ്ടശ്ശേരിയുടെ 'എന്തി'ന്റെ മേൽ 'എങ്ങനെ' യെ പ്രതിഷ്ഠിക്കുകയായിരുന്നു.

സാഹിത്യത്തെ സംബന്ധിച്ച വിഷയങ്ങൾ വിട്ട് സാമൂഹ്യവും രാഷ്ട്രീയവുമായ വിഷയങ്ങൾ ഒരു പത്രപ്രവർത്തകനെന്ന നിലയിൽ സമീപിച്ചതിലൂടെയാണ് മുണ്ടശ്ശേരി ഒരു രാഷ്ട്രീയപ്രവർത്തകനായി വളർന്നതു്. അന്നത്തെ കൊച്ചി രാജ്യത്തിലെ കോൺഗ്രസ്—പ്രജാമണ്ഡല പ്രവർത്തനങ്ങൾക്കെതിരായ സാമുദായിക—രാഷ്ട്രീയ വീക്ഷണത്തിന്റെ വക്താവായി രാഷ്ട്രീയരംഗത്തിൽ പ്രവേശിച്ച അദ്ദേഹം, തന്റെ ശിഷ്യന്മാരിൽ പ്രമുഖനായ പനമ്പിള്ളിയുടെ പ്രചോദനത്താൽ പിന്നീട് കോൺഗ്രസ്സിന്റെ ഭാഗത്തു ചേർന്നുവെങ്കിലും, അധികം താമസിയാതെ കമ്യൂണിസ്റ്റ് അനുഭാവിയായി മാറുകയാണുണ്ടായതു്. കമ്യൂണിസ്റ്റ് പാർട്ടി ഇടതും വലതുമായി പിളർന്നപ്പോഴാകട്ടെ, പ്രത്യക്ഷമായി ഏതെങ്കിലും ഒരു വശത്തേക്കു നീങ്ങിനില്ലാതെ അദ്ദേഹം പുരോഗമനാശയങ്ങളെ പൊതുവിൽ അനുകൂലിച്ചുകൊണ്ട് ഏറെക്കുറെ നടുവിൽ നില്ക്കുകയും ചെയ്തു.

ഒരു 'സഹകാരി'യെന്ന നിലയിൽ ഏതാനും സഹകരണസംഘങ്ങളുമായി ബന്ധപ്പെട്ട നിലയ്ക്കാണ് മുണ്ടശ്ശേരിയുടെ ഭരണപരിചയം ആരംഭിച്ചതു്. കേരളത്തിലെ ആദ്യത്തെ കമ്യൂണിസ്റ്റ് മന്ത്രിസഭയിലെ മിക്കവാറും എല്ലാ അംഗങ്ങളും തികഞ്ഞ വ്യക്തിവൈഭവമുള്ളവരായിരുന്നു. അവരുടെ ഇടയിൽ മുണ്ടശ്ശേരിയുടെ തോളും തലയും ഉയർന്നുനിന്നു. അദ്ദേഹം സംവിധാനം ചെയ്ത് നിയമസഭയിൽ അവതരിപ്പിച്ച പാസ്സാക്കിയെടുത്ത വിദ്യാഭ്യാസ നിയമം ആ മന്ത്രിസഭയുടെ സ്ഥാനഭ്രംശത്തിന് ഉടനെയും, ഇന്ത്യൻ രാഷ്ട്രീയത്തിലെ ചില അടിസ്ഥാന വ്യതിയാനങ്ങൾക്കു ക്രമേണയും കാരണമായിത്തീർന്നു. ഈ മന്ത്രിസഭയുടെ അനുഭവങ്ങളിൽനിന്ന് ഉൾക്കൊണ്ട പാഠങ്ങളാണ് പില്ക്കാലത്തു് ഐക്യമുന്നണിയെന്ന തന്ത്രം ആദ്യം സ്റ്റേറ്റുകളിലും ഇപ്പോൾ കേന്ദ്രത്തിലും അംഗീകരിക്കുന്നതിന് ഇന്ത്യയിലെ രാഷ്ട്രീയകക്ഷികളെ പ്രേരിപ്പിച്ചതു് എന്ന വസ്തുത ഈ സന്ദർഭത്തിൽ സ്മരണീയമാണ്. വിദ്യാഭ്യാസമന്ത്രിയെന്ന നിലയിൽ ആർജിച്ച പൊതുഭരണ പരിചയം പിന്നീട് കേരളത്തിലെ പ്ലാനിങ് ബോർഡിൽ അംഗമെന്ന നിലയിലും കൊച്ചി സർവകലാശാലയുടെ ആദ്യത്തെ വൈസ് ചാൻസലർ എന്ന നിലയിലും മുണ്ടശ്ശേരിക്കു പ്രയോജനപ്പെട്ടിരിക്കണം. എന്നാൽ, ഒരു സാങ്കേതിക സർവകലാശാലയാക്കി കൊച്ചി സർവകലാശാലയെ വളർത്തിയെടുക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ആഗ്രഹം, പരിതഃസ്ഥിതികളുടെ പ്രാതികൂല്യം നിമിത്തമാവാം, സാഫല്യമടയാതെപോവുകയാണുണ്ടായതു്.

തികച്ചും ആപ്തകാമനായാണ് മുണ്ടശ്ശേരി മാസ്റ്റർ ഇഹലോക ജീവിതം അവസാനിപ്പിക്കുന്നതെന്ന്, അദ്ദേഹത്തിന്റെ മരണത്തിന് ഏതാനും നിമിഷങ്ങൾക്കു മുമ്പ് മാസ്റ്ററുടെ ഒരു ചിരകാല സഹപ്രവർത്തകൻ എന്നോടു പറയുകയുണ്ടായി. സ്വന്തം പ്രതിഭയാൽ തന്റെ കാലദേശങ്ങളെ പ്രകാശപൂർണങ്ങളാക്കിയ അദ്ദേഹത്തിന് പ്രവർത്തിച്ച മണ്ഡലങ്ങളിലെല്ലാം ബഹുമതികൾ കൈവരുകയുണ്ടായി. തൃപ്പൂണിത്തുറയിലെ പണ്ഡിതസംഘത്തിൽനിന്ന് അദ്ദേഹത്തിനു ലഭിച്ച 'സാഹിത്യനിപുണ' ബിരുദം ആയിരത്തിത്തൊള്ളായിരത്തി മുപ്പതുകളിൽ, കാര്യമായ

ഒന്നുതന്നെയായിരുന്നു. എന്നാൽ, കേരള സാഹിത്യ അക്കാദമിയുടെ ഫെല്ലോഷിപ്പ് വളരെ വൈകി വന്ന ഒരംഗീകരണമായേ അദ്ദേഹത്തിനു തോന്നിയുള്ളു. കേരള സർവകലാശാല ഒരു ബഹുമതിബിരുദം അദ്ദേഹത്തിനു നൽകുന്നതിനു തീരുമാനിച്ചതായി കേട്ടിരുന്നു. മരണാനന്തര ബിരുദദാനം സർവകലാശാലകളുടെ ഒരു സാധാരണ നടപടിയല്ലാത്തതിനാൽ, മുണ്ടശ്ശേരിയെ ബഹുമാനിക്കുന്നതിലൂടെ സ്വയം ബഹുമാനിതമാവുന്നതിനുള്ള അവസരം സർവകലാശാലയ്ക്കു നഷ്ടപ്പെട്ടിരിക്കുന്നു.

വിപുലമാണ് മുണ്ടശ്ശേരിയുടെ സുഹൃദ്വലയം. പ്രായവും ലോകപരിചയവും പാണ്ഡിത്യവും എത്ര കുറഞ്ഞവരെക്കൂടി സമശീർഷരായി കണക്കാക്കാനും, അവരുമായി സൈദ്ധാന്തിക–പ്രായോഗികതലങ്ങളിൽ ചർച്ചകൾ നടത്താനും അദ്ദേഹത്തിനു കഴിവും താല്പര്യവുമുണ്ടായിരുന്നു. അഭിപ്രായഭേദങ്ങളെ കാലുഷ്യം കൂടാതെ കണക്കിലെടുക്കാൻ മുണ്ടശ്ശേരിക്കു കഴിഞ്ഞിരുന്നു എന്നതു്, അദ്ദേഹവുമായി വിയോജിക്കേണ്ടിവന്നിട്ടുള്ള പലരും നന്ദിപൂർവം സ്മരിക്കാതിരിക്കുകയില്ല.

മൂന്നു് ദശാബ്ദത്തിലേറെക്കാലം മുണ്ടശ്ശേരി മാസ്റ്ററുമായി പല നിലകളിൽ അടുത്തു പെരുമാറുന്നതിനു് എനിക്കു് അവസരമുണ്ടായിട്ടുണ്ടു്. അദ്ദേഹം അദ്ധ്യക്ഷനായിരുന്ന കൊച്ചി അദ്ധ്യാപക സംഘടനയുടെ സെക്രട്ടറിയായി മൂന്നു വർഷത്തോളം ഞാൻ പ്രവർത്തിക്കുകയുണ്ടായി. അദ്ധ്യാപകരെ സംഘടിപ്പിക്കുന്നതിനും, പൗരാവകാശങ്ങളെ സംബന്ധിച്ച ബോധം അദ്ധ്യാപകരിൽ ഉണർത്തുന്നതിനുമുള്ള പരിശ്രമത്തിൽ അദ്ദേഹവുമൊന്നിച്ച് പ്രവർത്തിക്കുന്നതിനു് ഈ ബന്ധം എനിക്കു് ഉപകരിച്ചു. അന്നത്തെ കൊച്ചി എയ്ഡഡ് പ്രൈമറി ടീച്ചേഴ്സ് അസോസിയേഷന്റെ സെക്രട്ടറിയായിരുന്ന ശ്രീ പി. ജെ. കുഞ്ഞുവറീയതാണു് ഈ സന്ദർഭത്തിൽ സ്മരണീയനായ മറ്റൊരു വ്യക്തി. കോളേജദ്ധ്യാപകനായിരുന്ന മുണ്ടശ്ശേരി മാസ്റ്ററെ അദ്ധ്യാപക പ്രസ്ഥാനത്തിലേക്കു് ഇറക്കിക്കൊണ്ടു വന്നതിന്റെ ഉത്തരവാദിത്തം മുഖ്യമായും ശ്രീ കുഞ്ഞുവറീയതിന്റേതാണു്. പില്ക്കാലത്തെ എന്റെ പത്രപ്രവർത്തനജീവിതത്തിലും മുണ്ടശ്ശേരി മാസ്റ്ററുടെ ഉദാരമായ സഹകരണം എനിക്കു ലഭിക്കുകയുണ്ടായി. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേണിങ് ബോഡിയിൽ അംഗമെന്ന നിലയിൽ ആ സ്ഥാപനത്തിന്റെ ലക്ഷ്യവും പ്രവർത്തനശൈലിയും നിർണയിക്കുന്നതിലും, അതിലെ പ്രവർത്തകരെ തെരഞ്ഞെടുക്കുന്നതിലും അദ്ദേഹം നൽകിയ സഹായ സഹകരണങ്ങൾ, എന്നെ സംബന്ധിച്ചിടത്തോളം, വിലമതിക്കാനാവാത്തവയായിരുന്നു. പ്രകടമായി വിയോജിക്കേണ്ടി വന്ന സന്ദർഭങ്ങളിൽപ്പോലും ഒരു ജ്യേഷ്ഠസഹോദരന്റെ സ്നേഹവാത്സല്യങ്ങൾ അദ്ദേഹത്തിൽനിന്നു് എന്നും എനിക്കു ലഭിച്ചിട്ടുണ്ടു്.

ആ മഹാപ്രതിഭന്റെ സ്മരണയ്ക്കു മുമ്പിൽ എന്റെ ആദരാഞ്ജലികൾ.

1977

# 77. എ. ടി. കോവൂർ

അന്ധവിശ്വാസങ്ങൾക്കെതിരെ വിട്ടുവീഴ്ചയില്ലാതെ സമരം ചെയ്യുക ജീവിതവ്രതമാക്കിയിരുന്ന പ്രൊഫസർ അബ്രഹാം തോമസ് കോവൂർ 1978 സെപ്തംബർ 17-ാം തീയതി ശ്രീലങ്കയിലെ കൊളംബോ നഗരത്തിൽ വെച്ച് ഹൃദ്രോഗംമൂലം നിര്യാതനായി. മരിക്കുമ്പോൾ അദ്ദേഹത്തിനു് എൺപത്തിരണ്ടു വയസ്സ് പ്രായമുണ്ടായിരുന്നു. ഒരാഴ്ച മുമ്പുവരെ അദ്ദേഹം തന്നത്താൻ കാറോടിച്ചു സഞ്ചരിച്ചിരുന്നതായി പത്രങ്ങൾ റിപ്പോർട്ടു